• നിരീക്ഷണം/കാഴ്ചപ്പാട്

## കരിമണൽ

# ജസ്റ്റിസ് ജോൺ മാത്യു കമ്മീഷൻ റിപ്പോർട്ട് – ചില വസ്തുതകൾ

ഗോപൻ



ഈ തീരം ഞങ്ങളുടേത്

**ആലപ്പുഴ** ജില്ലയിലെ കായംകുളം പൊഴിക്ക് വടക്ക് ആലപ്പുഴ വരെയുള്ള തീരത്തുനിന്നും കരിമണൽ ഖനനം ചെയ്യുന്നതിനുള്ള അനുമതി നൽകുന്നതിന് 22-10-02 ന് GO (MS) 101/02/ID ഉത്തരവ് പ്രകാരം സർക്കാർ നയപരമായി തീരുമാനിച്ചിരുന്നു. ആറാട്ടുപുഴ തൃക്കുന്നപ്പുഴ തീരത്ത് ഖനനം നടത്തുന്നതിന് KREML (Kerala Rare Earths and Minerals Ltd.) എന്ന കമ്പനിക്ക് സർക്കാർ GO (MS) 50/03/ID പ്രകാരം 5-5-03 ൽ അനുമതി നൽകി. വലിയ ജനകീയ പ്രക്ഷോഭത്തെ തുടർന്ന് ഈ ഉത്തരവിന്മേലുള്ള തുടർനടപടികൾ നിർത്തിവയ്ക്കുന്നതായും വിശദമായ പഠനത്തിനായി സമിതിയെ നിയോഗിക്കുമെന്നും സർക്കാർ പ്രഖ്യാപിച്ചു. 5-5-03 ലെ മറ്റൊരു ഉത്തരവു പ്രകാരം നിയോഗിച്ച വിദഗ്ധ സമിതിയുടെ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണെന്ന് ഉത്തരവിൽ പറയുന്നുണ്ട്. ഇതിന്റെ വിശ്വാസ്യത ചോദ്യം ചെയ്യപ്പെട്ടത് പരോക്ഷമായി അംഗീകരിച്ചുകൊണ്ടാണ് മറ്റൊരു കമ്മിറ്റിയെ നിയോഗിക്കാൻ സർക്കാർ തീരുമാനിച്ചത്. രണ്ടാമത്തെ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 15-9-04 ൽ GO (MS) 105/04/ID ഉത്തരവു പ്രകാരം ആറാട്ടുപുഴ വില്ലേജിലെ 24 പ്ലോട്ടുകളിലായി 20 ഹെക്ടറിൽ തൊട്ടുതാഴെ പ്രദേശത്ത് KREML ന് ഖനനാനുമതി നൽകി. ഇതിനെതിരായും വമ്പിച്ച പ്രക്ഷോഭം ഉയർന്നു വരികയുണ്ടായി. പ്രക്ഷോഭത്തിൽ ഉയർത്തപ്പെട്ട പ്രധാന ആക്ഷേപം നടന്ന പഠനങ്ങളുടെ അശാസ്ത്രീയതയും പക്ഷപാതിത്ത്യവുമായിരുന്നു. ഖനനവുമായി ബന്ധപ്പെട്ട് ഉയർന്നുവന്ന പാരിസ്ഥിതിക ആശങ്കകളെകുറിച്ച് കേന്ദ്ര പരിസരാഘാത നോട്ടിഫിക്കേഷനിൽ പറയും പ്രകാരമുള്ള (Environment Impact Assessment notification 1994) പഠനമാണ് നടത്തേണ്ടതെന്ന ആവശ്യമാണ് ജനങ്ങൾ ഉന്നയിച്ചത്. വിശ്വാസയോഗ്യമായ പുതിയ പഠനം നടത്തുമെന്ന് മുഖ്യമന്ത്രി പ്രസ്താവിച്ചു. ഇതിന്റെ അടിസ്ഥാനത്തിലാണ് ജ: ജോൺ മാത്യു കമ്മീഷൻ നിലവിൽ വരുന്നത്.

പ്രാദേശിക വാർത്തകൾ — സുരേഷ് തൃക്കുന്നപ്പുഴ




ഒരു ആണവോർജ്ജ വിദഗ്ദ്ധനും ഒരു ജിയോളജിസ്റ്റുമാണ് വിരമിച്ച ന്യായാധിപന്റെ അദ്ധ്യക്ഷതയിലുള്ള ഈ കമ്മിറ്റിയിൽ അംഗങ്ങളായിട്ടുള്ളത്. പഠനത്തിന്റെ പേരിൽ കമ്മീഷൻ സ്വീകരിച്ച സമീപന രീതി എന്തായിരുന്നു? വ്യക്തികളിൽനിന്നും പ്രസ്ഥാനങ്ങളിൽനിന്നും തെളിവെടുക്കുക എന്ന രീതി. മൊഴിയെടുക്കൽ എങ്ങനെ പരിസരാഘാത പഠനമാകും എന്ന വിമർശനം സമരരംഗത്തുള്ള സംഘടനകൾ ഉയർത്തുകയും കമ്മീഷനെ ബഹിഷ്കരിക്കുകയും ചെയ്തു. അതിനപ്പുറം സർക്കാർ ഉദ്ദേശിച്ചിരുന്നില്ല എന്ന് വ്യക്തമാണ്. കമ്മീഷൻ ഓഫ് എൻക്വയറി ആക്ട് പ്രകാരമുള്ള നടപടിക്രമം സ്വീകരിക്കാനാണ് GO (MS) 21/05/ID തിയ്യതി 21-2-05 പ്രകാരമുള്ള ഉത്തരവിൽ സർക്കാർ നിർദ്ദേശിച്ചിട്ടുള്ളത്. ജോൺ മാത്യു കമ്മീഷനാകട്ടെ മഹാദേവൻ കമ്മിറ്റിയുടെയും ത്രിവിക്രമൻ കമ്മിറ്റിയുടെയും നിർദ്ദേശങ്ങളെ പൊതുവിൽ അംഗീകരിക്കുന്നു എന്നു രേഖപ്പെടുത്തക്കൊണ്ടാണ് റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളത്. കമ്മീഷനു മുമ്പാകെ മൊഴി നൽകിയവരിൽ ഭൂരിപക്ഷവും ഖനനത്തെ അനുകൂലിച്ചു എന്നതാണ് ഇപ്രകാരം ഒരു റിപ്പോർട്ട് നൽകുന്നതിന് സാധൂകരണമായി ജോൺ മാത്യു കമ്മീഷൻ പറഞ്ഞിട്ടുള്ളത്. ഈ മേഖലയിൽ വൈദഗ്ധ്യമുള്ള 4 പേരാണ് കമ്മീഷന് തെളിവു നൽകിയത്.

1. ഡോ. സി.എം. അരവിന്ദൻ, റിട്ട. പ്രൊഫ., അക്വാടിക് ബയോളജി & ഫിഷറീസ്, യൂണിവേഴ്സിറ്റി ഓഫ് കേരള
2. ഡോ. സുബ്രതോ സിൻഹ, മുൻ ഡയറക്ടർ, സിഇഎസ്എസ്.
3. ഡോ. എം.പി. സുകുമാരൻ നായർ
4. ശ്രീ. ബാഹുലേയൻ, ഡയറക്ടർ (റിട്ട.), ഇക്കോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ

ഇവർ നാലുപേരും ഖനന നിർദ്ദേശത്തെ എതിർക്കുകയാണ് ചെയ്തത്. ഇവരുടെ നിർദ്ദേശങ്ങളിൽ കമ്മീഷന് 'മെരിറ്റ്' കണ്ടെത്താനായില്ലത്രേ. കേരള തീരത്തെ കുറിച്ച് ആധികാരിക പഠനങ്ങൾ നടത്തിയിട്ടുള്ള തിരുവനന്തപുരം ഭൗമശാസ്ത്ര പഠന കേന്ദ്രത്തിന്റെ ഡയറക്ടറായിരുന്ന ഡോ. സുബ്രതോ സിൻഹ ഖനനം ആലപ്പാട്ടു തീരത്തു വരുത്തിവെച്ച പാരിസ്ഥിതിക നാശത്തെ കുറിച്ച് കമ്മീഷന് തെളിവു നൽകി. ഇത് വസ്തുതാവിരുദ്ധമാണെന്ന് ഒറ്റവാക്കിൽ പറഞ്ഞ് തള്ളിക്കളയുന്ന കമ്മീഷൻ. എന്നിട്ട് ദശാബ്ദങ്ങളായി ഖനനം നടക്കുന്ന സമാന ഭൗമശാസ്ത്ര സവിശേഷ



● വാർത്തയും പ്രതികരണവും

**ഒടുവിൽ കിട്ടിയത്**

# കോള കമ്പനി അടച്ചുപൂട്ടാൻ ഉത്തരവ്

**തിരുവനന്തപുരം, ആഗസ്റ്റ് 20 : പ്ലാച്ചിമടയിലെ ഹിന്ദുസ്ഥാൻ കോക്കകോള കമ്പനിയിലെ മാരകമായ ഖരമാലിന്യത്തിലെ കാഡ്മിയത്തിന്റെ ഉറവിടം തുടർച്ചയായി ആവശ്യപ്പെട്ടിട്ടും കമ്പനി വെളിപ്പെടുത്താത്തതിനാലും ജലക്ഷാമമനുഭവിക്കുന്ന തദ്ദേശിയർക്ക് സുപ്രീംകോടതി മോണിറ്ററിങ്ങ് കമ്മിറ്റി നിബന്ധനകളനുസരിച്ച് കുടിവെള്ളം വിതരണം ചെയ്യാത്തതിലും മാലിന്യസംസ്കരണത്തിന് തൃപ്തികരമായ സംവിധാനം ഉണ്ടാക്കാത്തതിനാലും കോള കമ്പനി പ്രവർത്തിക്കാൻ അനുമതിയില്ലെന്നും കമ്പനി അടച്ചുപൂട്ടണമെന്നും കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ചെയർമാൻ ഉത്തരവിറക്കി.**

## മലിനീകരണ ബോർഡിന്റെ ഉത്തരവാദിത്വപൂർണ്ണമായ നിലപാടുകൾക്ക് സ്വാഗതം. പ്ലാച്ചിമടയിൽ നിന്ന് കോളയെ പുറത്താക്കും – ആർ. അജയൻ.

കഴിഞ്ഞ ഒരു മാസമായി പ്ലാച്ചിമടയിലെ കമ്പനി വളരെ ധിക്കാരപരമായാണ് നമ്മുടെ പൊതു സ്ഥാപനങ്ങളോടുപോലും പെരുമാറുന്നത്. പരിശോധനയ്ക്കു ചെന്ന ബോർഡിന്റെ എഞ്ചിനീയറോട് കമ്പനി ഉല്പാദനം ആരംഭിച്ചിട്ടില്ലെന്നും എന്നാൽ സ്വാധീനമുള്ള പത്രമാധ്യമങ്ങളിലൂടെ 'കിൻലി' സോഡ ഉല്പാദിപ്പിച്ചു തുടങ്ങിയെന്ന് കമ്പനി പ്രചരിപ്പിക്കുകയും ചെയ്തു. ബഹുരാഷ്ട്ര കുത്തകകളിൽ കുറ്റകൃത്യങ്ങളുടെ കാര്യത്തിൽ കേമന്മാരായി അറിയപ്പെടുന്ന കോക്കകോള കേരളത്തിലെ സർക്കാരിനോടും പൊതു സ്ഥാപനങ്ങളോടും ഇപ്രകാരം ധിക്കാരം കാട്ടുമ്പോൾ ഇനി അവർ തുറന്നു പ്രവർത്തിച്ചാൽ മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിബന്ധനകൾ പാലിക്കുമെന്ന് ഒരുറപ്പുമില്ല. അതുകൊണ്ട് കോള കമ്പനിയ്ക്കെതിരെ ഉറച്ച നിലപാട് എടുത്ത മലിനീകരണ ബോർഡിന്റെയും അതിനാവശ്യമായ രാഷ്ട്രീയ പിന്തുണ നല്കിയ ആരോഗ്യവകുപ്പ് മന്ത്രിയുടേയും നടപടിയെ ഞങ്ങൾ സ്വാഗതം ചെയ്യുന്നു. ഉത്തരവിനെതിരെ കമ്പനിക്ക് അനുകൂലമായ വിധി കോടതികളിൽ നിന്ന് നേടിയാലും പ്ലാച്ചിമട വാസികളുടെ ജീവനോപാധികൾ നശിപ്പിക്കുന്ന കോളയിൽ നിന്ന് നഷ്ടപരിഹാരം ഈടാക്കി പ്ലാച്ചിമടയിൽനിന്ന് പുറത്താക്കുംവരെ ജീവൻകൊടുത്തും സമരം ചെയ്യാൻ തയ്യാറാണെന്ന് ജനങ്ങൾ മുമ്പേ പ്രഖ്യാപിച്ചിട്ടുണ്ട്. പ്ലാച്ചിമടയിൽ ഉണ്ടായ ഘനലോഹ മലിനീകരണം സുപ്രീംകോടതിയിൽ ഉയർത്തികൊണ്ടുവരുന്നതോടൊപ്പം ജീവനോപാധികൾക്ക് മേലുള്ള പരമാധികാരം ജനങ്ങൾക്ക് സ്ഥാപിച്ചുകിട്ടുന്നതിന് പ്ലാച്ചിമട സമരത്തെ ജനങ്ങളുടെ പിന്തുണയോടെ സമരപ്രവർത്തകർ വികസിപ്പിക്കും.

● പരിപാടി

## രണ്ടാമത് ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവൽ ഓഫ് തൃശൂർ

**ആഗസ്റ്റ് 26 – സെപ്തംബർ 1**

**വേദികൾ : തൃശൂർ കൈരളി & ശ്രീ തിയ്യേറ്റർ സെമിനാർ : ബാനർജി ക്ലബ്ബ്**

### പ്രദർശിപ്പിക്കുന്ന പ്രധാന സിനിമകൾ

**1. റെട്രോസ്പെക്ടീവുകൾ, 2. ഏഷ്യൻ പാക്കേജ്, 3. ലാറ്റിനമേരിക്കൻ ക്ലാസ്സിക്കുകൾ, സമകാലിക ഇന്ത്യൻ സിനിമ, മാസ്റ്റേഴ്സ് & ക്ലാസ്സിക്സ്**

സമകാലിക മലയാള സിനിമ, ഡോക്യുമെന്ററികൾ, ഹ്രസ്വ ചിത്രങ്ങൾ എന്നീ പാക്കേജുകളും പ്രദർശിപ്പിക്കുന്നതാണ്.

*ബന്ധങ്ങൾക്ക് : ഓർഗനൈസിങ്ങ് കമ്മിറ്റി ഓഫീസ്,*
*സെന്റ് മേരീസ് കോളേജ്, തൃശൂർ-1. ഫോൺ : 3092801*

---

നകളുള്ള ആലപ്പാട്ട് പഞ്ചായത്തിൽ യാതൊരു പാരിസ്ഥിതിക പ്രത്യാഘാതവുമുണ്ടാക്കിയിട്ടില്ലല്ലോയെന്ന ചോദ്യവും ഉയർത്തുന്നുണ്ട്. കരിമണൽ ഖനനം ആലപ്പാട്ട് പഞ്ചായത്തിന് വരുത്തി വെച്ച പാരിസ്ഥിതിക ദുരന്തത്തിന് പരിഹാരമുണ്ടാക്കാൻ വേണ്ടി ഈ പദ്ധതിക്ക് സി.ഇ.എസ്.എസ്. രൂപം നൽകിയിരുന്നു. സാമ്പത്തിക ചെലവ് താങ്ങാവുന്നതല്ല എന്ന കാരണത്താൽ ഈ മാനേജ്മെന്റ് പ്ലാൻ പുറത്തിറക്കാൻ പോലും തയ്യാറാകാത്ത കാര്യം അറിയാതെയായിരുന്നുവോ കമ്മീഷന്റെ ആലപ്പാട്ട് പഞ്ചായത്ത് സംബന്ധിച്ച പ്രസ്താവന. സത്യസന്ധത പുലർത്താത്ത അബദ്ധം നിറഞ്ഞ പരാമർശങ്ങൾ കുത്തിനിറച്ചതാണീ കമ്മീഷൻ റിപ്പോർട്ട്. ഖനന വിരുദ്ധ പ്രക്ഷോഭത്തിൽ ഉറച്ചു നിൽക്കുന്ന സംഘടനകളും, ജനപ്രതിനിധികളും പരിസരാഘാതപഠനം നടത്താൻ സർക്കാർ തയ്യാറാകാത്തതിനെ സംബന്ധിച്ച് നിരവധി ആക്ഷേപങ്ങൾ ഉയർത്തിയിരുന്നു. ഇതു സംബന്ധമായി ചില വിശദീകരണങ്ങൾ കമ്മീഷൻ റിപ്പോർട്ടിൽ ചേർത്തിട്ടുണ്ട്. നോട്ടിഫിക്കേഷനിലെ വ്യവസ്ഥകൾ പ്രകാരം ഷെഡ്യൂൾ 1-ൽ പരാമർശിക്കുന്ന തരം പ്രോജക്റ്റുകൾ ആരംഭിക്കുന്ന സംരംഭകർ നിർദ്ദിഷ്ട പഠനം നടത്തി പഠന റിപ്പോർട്ട് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന് പാരിസ്ഥിതിക അംഗീകാരത്തിനായി സമർപ്പിക്കണമെന്നും, ഈ നോട്ടിഫിക്കേഷനിലെ വ്യവസ്ഥകൾക്ക് പകരമല്ല കമ്മീഷൻ നടത്തിയ പഠനമെന്നും റിപ്പോർട്ടിൽ പരാമർശിക്കുന്നു. ഇവിടെ ഖനനാപേക്ഷ നൽകിയിട്ടുള്ള കെ.ആർ.ഇ.എം.എൽ. പരിസരാഘാത പഠനം നടത്താൻ ബാദ്ധ്യസ്ഥരാണോ? സർക്കാരിന്റെ പിന്തുണയോടെ പരിസരാഘാത പഠനത്തിന്റെ അസൗകര്യങ്ങൾ ഒഴിവാക്കാൻ കമ്പനി കുറുക്കുവഴി സ്വീകരിക്കുകയാണ് ചെയ്തത്. ടി നോട്ടിഫിക്കേഷനിലെ പട്ടിക പ്രകാരം 5 ഹെക്ടറിൽ കൂടുതൽ പ്രദേശത്ത് മേജർ മിനറലുകളുടെ ഖനനം നടത്തുന്നു എങ്കിലാണ് പരിസരാഘാത പഠനം ആവശ്യമായിട്ടുള്ളത്. ഇവിടെ എന്താണ് സംഭവിച്ചത് ? തുടർച്ചയായി കിടക്കുന്ന ധാതു സമ്പന്നമായ പ്രദേശത്തെ 5 ഹെക്ടറിൽ താഴെയുള്ള നിരവധി പ്ലോട്ടുകളായി വിഭജിച്ച് ഖനന അപേക്ഷകൾ പ്രത്യേകം പ്രത്യേകം സമർപ്പിക്കുകയാണ് ചെയ്തിരിക്കുന്നത്. ഇതിനോടകം അനുമതി നൽകിയിരിക്കുന്ന 7 പ്ലോട്ടുകളും 5 ഹെക്ടറിൽ തൊട്ടുതാഴെ വിസ്തൃതി ഉള്ളവയാണ്. ഖനനത്തിനായി അപേക്ഷ സമർപ്പിക്കപ്പെട്ടിരിക്കുന്ന പ്രദേശം തുടർച്ചയായി കിടക്കുന്ന ഒന്നാണ് എന്ന് കമ്മീഷൻ റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിരിക്കുന്ന മാപ്പിൽ നിന്നും തന്നെ വ്യക്തമാണ്. എ മുതൽ എസ് വരെയായി 19 പ്ലോട്ടുകളാണ് ഇപ്രകാരം മാപ്പിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ഖനന പ്രദേശം 25 ഹെക്ടറിൽ അധികമാണെങ്കിൽ പരിസരാഘാത പഠനറിപ്പോർട്ട് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന് സമർപ്പിച്ച് ബഹുജന ചർച്ചയ്ക്ക് (പബ്ലിക് ഹിയറിങ്ങ്) വിധേയമാക്കണമെന്നാണ് ചട്ടം. ഈ വ്യവസ്ഥയെയും ഈ വളഞ്ഞ വഴിയിലൂടെ സർക്കാരും കമ്പനിയും മറി കടന്നിരിക്കുന്നു. ഈ വസ്തുത മനസ്സിലാകാത്തവരാണോ ജോൺ മാത്യു കമ്മീഷനിലുള്ളത്. നിക്ഷിപ്ത താൽപ്പര്യങ്ങൾക്ക് അനുസൃതമായി റിപ്പോർട്ട് എഴുതിയുണ്ടാക്കാൻ നിയുക്തമായവരിൽനിന്നും ബൗദ്ധിക സത്യസന്ധത പ്രതീക്ഷിക്കാനാവില്ലല്ലോ?

പരിസരാഘാത നോട്ടിഫിക്കേഷൻ വ്യവസ്ഥകൾ പ്രകാരമുള്ള പഠനം നടത്താൻ വേണ്ട സാഹചര്യം ഒരുക്കണമെന്നാണ് പ്രക്ഷോഭരംഗത്തുള്ളവരുടെ ആവശ്യം. അതിനാകട്ടെ കുറുക്കുവഴികളിലൂടെ സമർപ്പിക്കപ്പെട്ട അപേക്ഷകളും, അതിന്മേൽ നാളിതുവരെ കൈക്കൊണ്ട നടപടികളും റദ്ദാക്കുകതന്നെവേണം. അല്ലാതെയുള്ള ചർച്ചകൾക്കൊന്നും യാതൊരു പ്രസക്തിയുമില്ല തന്നെ.

*'ചൈത്രം', 12/555, വടക്കോട് പി.ഒ., എറണാകുളം*